## വ്യാജ മദ്യ കടത്ത്

75 (4409) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എക്സൈസ് ചെക്ക് പോസ്റ്റുകളിലെ പരിശോധനയിൽ വ്യാജ മദ്യ കടത്തുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഓണ സീസൺ മുന്നിൽ കണ്ട് സംസ്ഥാനത്തേക്ക് കൂടുതൽ സ്പിരിറ്റ് അനധികൃതമായി എത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ, ഇവ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എക്സൈസ് ചെക്ക്പോസ്റ്റുകളിലെ പരിശോധനയിൽ വ്യാജമദ്യ കടത്തുമായി ബന്ധപ്പെട്ട് 117 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും ഓണസീസണിൽ സ്പിരിറ്റും മറ്റ് അനധികൃത വസ്തുക്കളും സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി ചെക്ക്പോസ്റ്റുകളിലും ദേശീയ പാതകളിലും കർശന പരിശോധനകൾ നടത്തി വരുന്നുണ്ട്. വ്യാജമദ്യം, സ്പിരിറ്റ് എന്നിവയുടെ കടത്ത് തടയുന്നതിനായി സംസ്ഥാനത്തെ എല്ലാ എക്സൈസ് ഡിവിഷനുകളിലും ഊർജ്ജിതമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തുന്നുണ്ട്. നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമെ എല്ലാ ഡിവിഷനുകളിലും രാത്രികാല വാഹന പരിശോധന നടത്തുന്നതിനും പട്രോളിംഗിനുമായി സ്പെക്കിംഗ് ഫോഴ്സുകൾ പ്രവർത്തിക്കുന്നുണ്ട്. പകലും രാത്രിയും വിവിധ എക്സൈസ് പാർട്ടികൾ ദേശീയ പാതയിലും മറ്റ് പ്രധാന റോഡുകളിലും വാഹന പരിശോധന നടത്തുന്നുണ്ട്. കേരളത്തിലേക്ക് സ്പിരിറ്റുൾപ്പെടെയുള്ള വ്യാജങ്ങൾ ചെറുവാഹനങ്ങളിൽ സംസ്ഥാനത്തിന് പുറത്തുനിന്നും കടത്തിക്കൊണ്ടുവരാനുള്ള സാദ്ധ്യതകൾ മുന്നിൽക്കണ്ട് എല്ലാ ചെക്ക്പോസ്റ്റുകളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെറുവാഹനങ്ങളും ആഡംബര കാറുകളും ഉൾപ്പെടെ എല്ലാ വാഹനങ്ങളും പരിശോധിക്കുകയും ചെയ്തുവരുന്നുണ്ട്. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തുന്നുണ്ട്. കൂടാതെ എക്സൈസ് കമ്മീഷണറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള സ്പെഷ്യൽ

LIBRARY ARCHIVES Kerala Legislative Assembly

സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും വ്യാജമദ്യ കടത്ത്, നിർമ്മാണം, വിൽപ്പന എന്നിവ സംബന്ധിച്ച ഇന്റലിജൻസ് വിവരം ശേഖരിച്ച് അതിന്മേൽ നടപടി എടുത്തുവരുന്നു. ചെക്ക്പോസ്റ്റുകൾ മറികടന്ന് പുതിയ വഴികളിലൂടെ സ്പിരിറ്റ്, വ്യാജമദ്യം എന്നിവ കടത്തുവാൻ സാദ്ധ്യതയുള്ള റോഡുകളിൽ വാഹന പരിശോധന കർശനമാക്കിയിട്ടുള്ളതും ദേശീയപാതകളിൽ വാഹന പരിശോധന നടത്തുന്നുമുണ്ട്. താലൂക്ക് തലങ്ങളിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കീഴിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും ജനകീയ കമ്മിറ്റികൾ യഥാസമയം കൂടിയും പൊതു ജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികളിന്മേൽ പരിശോധന നടത്തിയും സ്പിരിറ്റ് വ്യാജമദ്യം എന്നിവയുടെ കടത്ത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## വനിതാ എക്സൈസ് ഗാർഡുകളുടെ ഒഴിവ്

76 (4410) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിൽ ഏതെല്ലാം ഓഫീസുകളിലാണ് വനിതാ എക്സൈസ് ഗാർഡുമാരെ നിയമിച്ചിട്ടുള്ളത് ; അവരുടെ അനുപാതവും പ്രാതിനിധ്യ ആനുപാതവും വെളിപ്പെടുത്താമോ ;

(ബി) നിലവിൽ ഓരോ ജില്ലയിലും ഇവരുടെ എത്ര ഒഴിവുകൾ വീതമുണ്ട് ;

(സി) ഇവയിൽ ഓരോ ജില്ലയിലെയും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളെത്രയാണ് ;

(ഡി) ഈ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതി ന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) എക്സൈസ് വകുപ്പിൽ വനിത സിവിൽ എക്സൈസ് ഓഫീസർമാരുടെ നിയമന വിവരം ജില്ലാ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു. വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ അനുപാതം സംസ്ഥാനത്തെ ആകെ സിവിൽ ഓഫീസർമാരുടെ കേഡർ സ്ട്രെങ്ത്തിന്റെ 10% ആണ്.

| ജില്ല | ഓഫീസുകളുടെ എണ്ണം | വനിതാ സിവിൽ എക്സൈസ് ഓഫീസർ മാരുടെ എണ്ണം |
|---|---|---|
| (1) | (2) | (3 |
| തിരുവനന്തപുരം | 12 (റേഞ്ച്) | 27 |

LIBRARY ARCHIVES Kerala Legislative Assembly